# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3425** **10.12.2018-ൽ മറുപടിയ്ക്ക്**

**<u>വൈപ്പിൻ ഫിഷിംഗ് ഹാർബറിലേക്കുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.എസ്.ശർമ്മ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വൈപ്പിൻ ഫിഷിംഗ് ഹാർബറിലേക്കുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഏതുവരെയായെന്ന് വിശദമാക്കാമോ; സ്ഥലമേറ്റെടുക്കുന്നതിനായി ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;<br>ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | എ) യും ബി) യും<br>വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള അപ്രോച്ച് റോഡിനും പാർക്കിംഗ് ഏരിയക്കും വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് 251.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br>സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ഫണ്ട് ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടറും സ്പെഷ്യൽ തഹസീൽദാരും ആവശ്യപ്പെട്ടതനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**